# മനുഷ്യൻ

കേസരി ബാലകൃഷ്ണപിള്ള



മനുഷ്യൻ
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Old man praying, painting by Julian Fałat (1853–1929). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മനുഷ്യൻ

ആധുനികമനുഷ്യരുടെ ഭൗതികവും സാംസ്കാരികവുമായ വളർച്ചയെ രൂപവൽക്കരിക്കുന്നതിൽ സയൻസിനോട്ട് തുല്യം ശക്തിപൂർവ്വം പ്രവർത്തിക്കുന്ന മറ്റൊന്നുമില്ലതന്നെ. നമ്മുടെ പൂർവ്വികർ അന്ധവിശ്വാസങ്ങളേയും സൂക്ഷ്മത വളരെ കുറഞ്ഞ നിരീക്ഷണങ്ങളേയും ആസ്പദിച്ച കെട്ടിപ്പടുത്തിരുന്ന സാമുദായികനിയമങ്ങൾക്ക് പകരം യുക്തിയേയും, അതിസൂക്ഷ്മമായ നിരീക്ഷണത്തേയും, പര്യവേക്ഷണത്തേയും അടിസ്ഥാനപ്പെടുത്തി സാമുദായികനിയമങ്ങൾ നിർമ്മിക്കുവാൻ സയൻസ് നമ്മെ പഠിപ്പിച്ചുവരുന്നു. ഇതുനിമിത്തമത്രേ പുരോഗമനസാഹിത്യത്തിൽ സയൻസ് സ്വാധീനശക്തി ചെലുത്തിവരുന്നു എന്നു ഞാൻ പല സന്ദർഭങ്ങളിലും ചൂണ്ടിക്കാണിച്ചിരുന്നത്. നാച്ചുറൽ സയൻസ് (പ്രകൃതിവിജ്ഞാനീയം), സോഷ്യൽ സയൻസ് (സാമുദായികവിജ്ഞാനീയം) എന്നു സയൻസിന്റെ രണ്ടു വിഭാഗങ്ങളുള്ളതിൽ സോഷ്യൽ സയൻസാണ്—പ്രത്യേകിച്ച് അതിന്റെ ഒരു ശാഖയായ സോഷ്യോളജി (സമുദായശാസ്ത്രം) ആണ്—പുരോഗമനസാഹിത്യത്തിൽ സ്വാധീനശക്തി ചെലുത്തിവരുന്നത്. രസതന്ത്രം, ജീവശാസ്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം, പാരമ്പര്യശാസ്ത്രം മുതലായവ നാച്ചുറൽ സയൻസിനും, അർത്ഥശാസ്ത്രം, രാഷ്ട്രശാസ്ത്രം, ചരിത്രം, നരവംശശാസ്ത്രം, വിദ്യാഭ്യാസശാസ്ത്രം, മനഃശാസ്ത്രം, സാമുദായികശാസ്ത്രം, സോഷ്യോളജി, യുജെസിക്സ് (സത്പ്രജോല്പത്തിശാസ്ത്രം), യൂട്ടെലേജെനെസിസ് (വിദൂരപ്രജോല്പത്തിശാസ്ത്രം), ലൈംഗികശാസ്ത്രം മുതലായവ സോഷ്യൽ സയൻസിനും ഉദാഹരണങ്ങളാണ്.

നാച്ചുറൽ സയൻസിനും, സോഷ്യൽ സയൻസിനും തമ്മിൽ മാർഗ്ഗം, ഫലം, മനഃസ്ഥിതി എന്നിവയെ സംബന്ധിച്ച വ്യത്യാസങ്ങളുണ്ട്. നാച്ചുറൽ സയൻസിന്, പരിതഃസ്ഥിതിയിൽനിന്ന് സമ്പൂർണ്ണമായി വേർതിരിച്ചും, പരിപൂർണ്ണമായ നിഷ്പക്ഷമനോഭാവത്തോടുകൂടിയും പര്യവേക്ഷണം നടത്തുകയും, പരമമായ സത്യത്തെ സമീപിക്കുന്ന ഫലം നേടുകയും ചെയ്യാം. നേരെമറിച്ച് സോഷ്യൽ സയൻസിന് ഇവ സാദ്ധ്യമല്ല. ഇതിലെ പര്യവേക്ഷണം പരിതസ്ഥിതി സഹിതം പരീക്ഷിച്ചുനോക്കി തെറ്റുതിരുത്തുന്നതും, ഇതിലെ സത്യം പരമ സത്യത്തിൽനിന്ന് കുറെയധികം അകന്നിരിക്കുന്ന പ്രായോഗിക സത്യവും, ഇതിലെ മനസ്ഥിതി ഉപബോധമനസ്സിൽ കളിച്ചുകിടക്കുന്ന പക്ഷപാതത്തോടുകൂടിയതുമായിരിക്കും. സോഷ്യൽസയൻസിന്റെ ഈ ന്യൂനതകൾ നിമിത്തം ജനിക്കുന്ന പരിമിതമായ വിജ്ഞാനഭണ്ഡാഗാരത്തെ പുരസ്കരിച്ച് അതിന്റെ പ്രയോഗം ഭാവിയിലേയ്ക്കു നീട്ടിവയ്ക്കണമെന്ന് പറയുന്ന ഉപരിവിപ്ലവബുദ്ധികൾക്ക് ഹോർഡർപ്രഭു എന്ന പ്രസിദ്ധ വൈദ്യശാസ്ത്രജ്ഞൻ നല്കിയ മറുപടി സ്മരണീയമാണ്. കുത്തിവെയ്ക്കുന്ന നിവാരണചികിത്സാശാസ്ത്രത്തിന്റെ ഇന്നത്തെ പരിമിതമായ വിജ്ഞാനഭണ്ഡാഗാരം ഹേതുവായി, അതിന്റെ പ്രയോഗം ഭാവിയിലേയ്ക്കു നീട്ടിവയ്ക്കണമെന്നു പറയുന്ന വിഡ്ഢികളുടെ വാദം പോലെയുള്ള ഒന്നാണ് ഇതെന്നാണ് അദ്ദേഹം പറയുന്നത്.


ജൂലിയൻ ഹക്സ്ലി

ഫോർമലിസ്റ്റ് (ശുദ്ധശാസ്ത്രീയ) സോഷ്യോളജി, എൻസൈക്ലോപ്പീഡിക് (സർവ്വശാസ്ത്രപ്രായോഗിക) സോഷ്യോളജി, "സോഷ്യോളജി ഓഫ് സോഷ്യൽ വർക്ക്" (സമുദായപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സോഷ്യോളജി) എന്നു മൂന്നു തരമായി ഇന്നത്തെ സോഷ്യോളജിയെ വിഭജിക്കാം. സമുദായഘടകങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ, അഥവാ പരസ്പരപ്രവർത്തനങ്ങളെ, പഠിക്കുന്ന ഒരു പ്രത്യേകമായ ശുദ്ധശാസ്ത്രമാണ് സോഷ്യോളജി എന്ന് ഫോർമലിസ്റ്റുകൾ വിചാരിക്കുന്നു. ഈ ഘടകങ്ങൾ വ്യക്തി, കുടുംബം, സംഘം, സമുദായം, സ്ഥാപനങ്ങൾ എന്നിവയാണ്. ഇവയുടെ ഘടനം (ഓർഗനൈസേഷൻ) വിഘടനം (ഡിസോർഗനൈസേഷൻ) എന്നിവയെ ഇവർ പഠിക്കുന്നു. വ്യക്തിയുടെ വിഘടനം ആത്മഹത്യമുഖേനയും, കുടുംബത്തിന്റേത് വിവാഹമോചനമോ, ദമ്പതികളിൽ ഒരാളുടെ ഉപേക്ഷിച്ചുപോകലോ നിമിത്തവും, സമുദായത്തിന്റെ വിഘടനം വിപ്ലവം മുഖേനയും സംഭവിക്കുന്നു. സമുദായം പരിവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നും, ഈ പരിവർത്തനത്തിൽ വർദ്ധമാനമായിവരുന്ന ഘടനസങ്കീർണ്ണത, പ്രവൃത്തിവിഭജനം, ഘടകങ്ങളുടെ പരസ്പരാശ്രയം എന്നിവയും, (ചിലപ്പോളുണ്ടാകുന്ന തടസ്സങ്ങളോടുകൂടി) പ്രജാധിപത്യം (ഡെമോക്രസി) എന്ന പദത്തിൽ അന്തർഭവിച്ചിട്ടുള്ള ശാരീരികവും ബുദ്ധിപരവും സാമുദായികവുമായുള്ള സ്വാതന്ത്ര്യത്തിലേയ്ക്കുള്ള പോക്കും കാണുന്നുണ്ടെന്നും അമേരിക്കയിലെ പ്രിൻസ്റ്റൺ സർവ്വകലാശാലയിലെ പ്രൊഫെസർ കോങ്ക്ലിനെപ്പോലെയുള്ള ഈ ഫോർമലിസ്റ്റുകൾ പലരും സമ്മതിക്കുന്നുണ്ട്. വിപ്ലവം മുഖേന സമുദായപരിവർത്തനം നടന്നിട്ടുണ്ടെന്നുള്ള ചരിത്രവസ്തുതകളെ ടുത്തുപറയുന്നുണ്ടെങ്കിലും ബലപ്രയോഗം ഉൾക്കൊള്ളുന്ന വിപ്ലവത്തെ സ്വീകാര്യമായ ഒരു മാർഗ്ഗമായി അവർ പരിഗണിക്കുന്നില്ല. സഹകരണവും ഉപദേശവുമാണ് അവർക്ക് സ്വീകാര്യമായി തോന്നുന്ന മാർഗ്ഗങ്ങൾ. മൂന്നുതരം സോഷ്യലിസ്റ്റുകളിലുംവെച്ച സർവ്വകലാശാലകളുടെ പിന്താങ്ങും മാന്യതയും ഈ ഫോർമലിസ്റ്റുകൾക്കാണ് ലഭിച്ചിട്ടുള്ളതെങ്കിലും, അവരിൽ പല കുറവുകളും കാണാവുന്നതാണ്. കാരണത്തിൽനിന്ന് കാര്യത്തിലേയ്ക്കു പോകുന്ന രീതി അവരെ സാമുദായികസംഭവങ്ങളിൽനിന്ന് വളരെ അകന്ന അതിസാമാന്യതത്വങ്ങളിലേയ്ക്ക് പിടിച്ചുകൊണ്ടു പോകുന്നു. ഒരു സാമുദായിക പ്രവർത്തനത്തിന് പേരിടുന്നതോടുകൂടി അതിന്റെ ആശയസഞ്ചയ (ഐഡിയോളജി) വിവരണം പൂർത്തിയായി എന്ന് അവർ വിചാരിച്ചു പോകുന്നു. സോഷ്യോളജിയിൽ ഏതെല്ലാം ഉൾപ്പെടുകയില്ലാ എന്ന് നിർണ്ണയിക്കുന്നതിൽ ഒരു സർവ്വസമ്മതമായ തത്വം സ്വീകരിക്കാതെ അവർ ഓരോരുത്തരും യഥേഷ്ടം പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.

ഭാരതത്തിലെ 'സർവന്റ്സ് ഓഫ് ഇൻഡ്യാ സൊസൈറ്റി'ക്കാരെപ്പോലെയുള്ള മൂന്നാമത്തെ സ്കൂളുകാരായ സമുദായ പ്രവർത്തന സോഷ്യോളജിസ്റ്റുകൾ ഫോർമലിസ്റ്റുകളേക്കാൾ വളരെയധികം പ്രായോഗികശാസ്ത്രജ്ഞരാണ്. വിദൂരമായ ഒരു ആദർശവും സാമാന്യപദ്ധതിയും കൂടാതെ പ്രായേണ അന്നന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുപിടിക്കുവാനേ ഇവർ ശ്രമിച്ചുവരുന്നുള്ളു. മിതവാദികളായ ഇവർ ഫോർമലിസ്റ്റുകളെപ്പോലെ വിപ്ലവമാർഗ്ഗം സ്വീകരിക്കുന്നുമില്ല.


ജെ. ബി. എസ്. ഹാൽഡെ

അതിവിഭിന്നങ്ങളായ ആദർശങ്ങളും മാർഗ്ഗങ്ങളുമുള്ള പലതരം സോഷ്യോളജിസ്റ്റുകളെ രണ്ടാമത്തെ സ്കൂളായ എൻസൈക്ലോപ്പീഡിസ്റ്റുകളിൽ ഉൾപ്പെടുത്താം. ഉദാഹരണമായി, കമ്മ്യൂണിസ്റ്റ് സോഷ്യോളജിയായ പ്രകൃതഗ്രന്ഥവും, സ്വയം പര്യാപ്തമായ ഗ്രാമീണ റിപ്പബ്ളിക്ക് സ്ഥാപനത്തെ പിന്താങ്ങുന്ന ഗാന്ധിജിയുടെ പദ്ധതിപ്രകാരമുള്ള സോഷ്യോളജി കൃതികളും എൻസൈക്ലോപ്പീഡിക്ക് സോഷ്യോളജിയിൽ ഉൾപ്പെടുന്നതാണ്. വ്യക്തിയുടേതെന്നതുപോലെ സമുദായത്തിന്റേയും ഗതിയെ രൂപവത്കരിക്കുന്നത് പാരമ്പര്യവും, പരിതഃസ്ഥിതിയുമാണല്ലോ. സമുദായത്തെ സംബന്ധിച്ചിടത്തോളം പാരമ്പര്യത്തിൽ പൂർവ്വചരിത്രവും ഉൾപ്പെടുന്നതാണ്. ഫോർമലിസ്റ്റുകളും, സമുദായപ്രവർത്തക സോഷ്യോളജിസ്റ്റുകളും, കമ്മ്യൂണിസ്റ്റുകളും, ഗാന്ധിമതക്കാരും ഒന്നുപോലെ യൂജെനിക്സ്, യൂട്ടെലേജെനസിസ് (സമുദായത്തിലെ ഉത്തമന്മാരുടെ ബീജം അവരുടെ ഭാര്യമാരല്ലാത്ത ആരോഗ്യമുള്ള സ്ത്രീകളുടെ ഗർഭപാത്രങ്ങളിൽ അതാരുടേതെന്ന് അറിയിക്കാതെ ഡാക്ടർമാർ കുത്തിവയ്ക്കുന്നത്) ലൈംഗികശാസ്ത്രം എന്നിവ പ്രയോഗിച്ചുള്ള പാരമ്പര്യപ്പരിഷ്ക്കരണത്തിൽ അലസരോ, അതിനെ വെറുക്കുന്നവരോ ആകുന്നു. പരിതസ്ഥിതി പരിഷ്ക്കരണമാണ് ഇവരുടെ കാര്യപരിപാടി. പരിതഃസ്ഥിതിപരിഷ്ക്കരണത്തോടൊപ്പം ആദ്യമേതന്നെ പാരമ്പര്യപരിഷ്ക്കരണത്തിനും പ്രാധാന്യമുണ്ടെന്നു വാദിക്കുന്ന നാച്ചുറൽ സയന്റിസ്റ്റായ ജൂലിയൻ ഹക്സ്ലിയെപ്പോലെയുള്ളവരും, പരിസ്ഥിതിപരിഷ്ക്കരണം കഴിഞ്ഞു മാത്രമേ ശരിയായ പാരമ്പര്യപരിഷ്ക്കരണം സാദ്ധ്യമാക്കുകയുള്ളു എന്നും, അന്ന് ഈ പാരമ്പര്യപരിഷ്ക്കരണം സ്വീകരിച്ചേ മതിയാവൂ എന്നും വാദിക്കുന്ന ശാസ്ത്രജ്ഞരായ ജെ. ബി. എസ്. ഹാൽഡെയിൽ, ഈയ്യാണ്ടിൽ പാരമ്പര്യശാസ്ത്രത്തിൽ നോബൽസമ്മാനം നേടിയ ഡാക്ടർ: ജെ. എച്ച്. മല്ലർ ലൈംഗികശാസ്ത്രജ്ഞനായ ഡാക്ടർ ല്യൂൻബാക് എന്നിവരെപ്പോലെയുള്ളവരും, എൻസൈക്ലോപ്പീഡിസ്റ്റുകളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്.

എൻസൈക്ലോപ്പീഡിസ്റ്റുകളിൽ ഉൾപ്പെടുന്ന പ്രസ്തുത വിഭിന്നമതക്കാർക്ക് തമ്മിലുള്ള ഐക്യം, സർവ്വശാസ്ത്രങ്ങളുടെയും വിജ്ഞാനം പ്രയോഗിച്ച സമകാലീന സമുദായപരിഷ്ക്കരണം നടത്തുവാനുള്ള സന്നദ്ധത, ഇതിനുവേണ്ടി വിപ്ലവകരമോ വിപ്ലവത്തോട്ട് സമീപിക്കുന്നതോ ആയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ വൈമുഖ്യമില്ലായ്മ, എന്നിവയിലാണ് സ്ഥിതിചെയ്യുന്നത്. പ്രായോഗികത്വം, വിശാലദൃഷ്ടി, മനുഷ്യസ്നേഹത്തിൽ കെട്ടിപ്പടുത്തിട്ടുള്ള ഐഡിയോളജി എന്നിവയാണ് എൻസൈക്ലോപ്പീഡിസ്റ്റുകളുടെ ഗുണങ്ങൾ. യുക്തിഭംഗം മുതലായി ഒരു ശുദ്ധ സയൻസിന് യോജിക്കാത്ത ചില കാര്യങ്ങളുടെ സാന്നിദ്ധ്യമാണ് എൻസൈക്ലോപ്പീഡിസ്റ്റുകളുടെ കുറവുകൾ. എന്നാൽ യുക്തിയും ജീവിതവും, രണ്ടും രണ്ടാണെന്നുള്ള പരമാർത്ഥം നാം ഇവിടെ ഓർക്കേണ്ടതാണ്.


ദാമോദരൻ

സാമ്പത്തികചരിത്രത്തെ പ്രധാനമായി സ്വീകരിച്ച കെട്ടിപ്പടുത്തിട്ടുള്ള കമ്മ്യൂണിസ്റ്റ് സോഷ്യോളജിയിൽ മറ്റു പല ശാസ്ത്രങ്ങളുടെ വിജ്ഞാനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു മുകളിൽ ചൂണ്ടിക്കാണിച്ചതിനെ ഉദാഹരിക്കുവാനായി ശ്രീ. ദാമോദരന്റെ പ്രകൃതഗ്രന്ഥത്തിലെ ചില പ്രധാന വിഷയങ്ങളുടെ പട്ടിക ഉദ്ധരിച്ചുകൊള്ളുന്നു. ഭൂമിയുടെ ഉല്പത്തി, ജീവന്റെ ആവിർഭാവം, മനുഷ്യന്റെ മുൻഗാമികൾ, പ്രാകൃതമനുഷ്യൻ, ശിലായുഗങ്ങൾ, കൃഷിയുടെ ആരംഭം, ലോഹങ്ങളുടെ പ്രയോഗം, വളർത്തുമൃഗങ്ങൾ, കാടന്മാരും അപരിഷ്കൃതരും, കുടുംബം, പ്രാകൃതകമ്മ്യൂണിസം, ഭരണകൂടം, കച്ചവടക്കാർ, മന്ത്രവാദിയും പുരോഹിതനും, സംസ്കാരനേട്ടങ്ങൾ, നാടുവാഴിപ്രഭുത്വം (ഫ്യൂഡലിസം), സയൻസും തത്വശാസ്ത്രവും, മുതലാളിത്വസമുദായം, സാമ്രാജ്യാധിപത്യം, തൊഴിലാളികൾ, സോവിയറ്റുയൂണിയൻ, പുരോഗതിയുടെ അടിസ്ഥാനം എന്നിവയാണ് പ്രസ്തുത വിഷയങ്ങൾ. കമ്മ്യൂണിസ്റ്റ് സോഷ്യോളജിയെ കേരളീയരെ ധരിപ്പിക്കുവാനുള്ള ശ്രീ. കെ. ദാമോദരന്റെ ഈ ഉദ്യമം മിക്കവാറും വിജയിച്ചിട്ടുണ്ടെന്നും, ശാസ്ത്രീയകൃതികളുടെ ദൗർല്ലഭ്യംകൊണ്ട് നട്ടം തിരിയുന്ന കൈരളിയ്ക്ക് പ്രകൃതകൃതി ഒരു ഭൂഷണമാണെന്നും ഞാൻ വിചാരിക്കുന്നു.

വിഷയങ്ങളിൽ മനോലയം വന്നത് പോരാത്തതിനാൽ ഗ്രന്ഥകാരനു അവയെ വേണ്ടത്ര കേരളീയ ജീവിതത്തിൽക്കൂടി വിവരിക്കുന്നതിനും അന്യോന്യം ഭംഗിയായിണക്കുന്നതിനും കഴിഞ്ഞിട്ടില്ലെന്നൊരു ചാർജ്ജുണ്ടായിക്കൂടെന്നില്ല.

ശ്രീ. ദാമോദരന്റെ ഭാഷാരീതി പ്രസന്നമാണ്. ശാസ്ത്രവിഷയങ്ങൾ പ്രതിപാദിക്കുമ്പോൾപ്പോലും അതിനുചിതമല്ലാത്ത പൊടിപ്പും തൊങ്ങലും വെച്ച ഭാഷാരീതി ഇന്നു ചിലർ സ്വീകരിച്ചിട്ടുള്ളതിന് നേരെ വിരുദ്ധമാണ് ശ്രീ. ദാമോദരന്റെ രീതി.

പ്രകൃതകൃതിയിൽ അച്ചടിപ്പിശകുകൊണ്ടോ, മറ്റു വല്ല കാരണവശാലോ ഒന്നോ രണ്ടോ പിഴകൾ വന്നുപോയിരിക്കുന്നു. ഒരു ഉദാഹരണം കാണിക്കാം. 4-പേജിൽ ഇങ്ങനെ കാണുന്നു: "ഫോട്ടൺ എന്ന ശക്തിയേറിയ രശ്മിയുടെ ഗതിവേഗമാണ് ഗ്രഹങ്ങളെ സൂര്യനിൽനിന്ന് ഉന്തിത്തെറിപ്പിച്ചതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു," ഫോട്ടൺ എന്നതു രശ്മിയല്ല, അൾട്രാ-വയലറ്റ് രശ്മികളുടേയും മറ്റു രശ്മികളുടേയും ഏറ്റവും കുറഞ്ഞ ഒരു അളവ് (പാക്കേജ്) മാത്രമാണ്. ഈ ഫോട്ടോണു ക്വാണ്ടം എന്നും പേരുണ്ട്. പ്രസ്തുത വാചകത്തിൽ ഫോട്ടോണു പകരം അൾട്രാ-വയലറ്റ് രശ്മി എന്നു ചേർക്കേണ്ടതായിരുന്നു.

□

## കേസരി ബാലകൃഷ്ണപിള്ള




പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്ന കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കുടിപ്പള്ളിക്കൂടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ചു വക്കീലായി പ്രാക്റ്റീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

### പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജിവെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്യുന്നു.

### സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

### കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

### അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

### കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുളിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാലു് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ ( നാലു വാല്യം)

ഡ്രോയിങ്: മധുസൂദനൻ
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014